# മാതൃകം



ഗവൺമെന്റ് മോഡൽ ബി. എച്ച്. എസ്. എസ്. തൈയ്ക്കാട്

# എഡിറ്റോറിയൽ ബോർഡ്



RITHIK

DYUTIT

DUTHIVAN

ROSHAN

AJIN

അനന്തപുരിയുടെ ഹൃദയഭാഗത്ത്
രാജപ്രൗഢിയുടെ
പ്രതാപകാലത്ത് സമാരംഭിക്കുകയും
ശതാബ്ദി പിന്നീട്ട് ഇന്നും
പ്രൗഢിയോടെ നിലനിൽക്കുകയും
ചെയ്യുന്ന ആൺകുട്ടികൾക്ക്
മാത്രമായുള്ള വിദ്യാലയമാണ്
തൈക്കാട് ഗവ.മോഡൽ ബോയ്സ്
ഹയർ സെക്കന്ററി
സ്കൂൾ.സമൂഹത്തിലെ വിവിധ
കർമ്മപഥങ്ങളിൽ തങ്ങളുടേതായ
മായാത്ത വ്യക്തി മുദ്ര പതിപ്പിച്ച
നിരവധി മഹാരഥന്മാരുടെ പാദസ്പർശം
കൊണ്ട് അനുഗ്രഹീതമാണ് ഈ
സരസ്വതീ വിദ്യാലയം .ദേശീയ
അന്തർദേശീയ തലങ്ങളിൽ
പ്രഗൽഭരായ ഭരണകർത്താക്കളുടെയും
അന്താരാഷ്ട്രതലത്തിൽ വളർന്ന
വ്യവസായ പ്രമുഖരുടെയും
സമൂഹവിദ്യാഭ്യാസ സാംസ്കാരിക
കലാപ്രവർത്തകരുടെയും ശിഷ്യത്വം
കേരളത്തിന്റെ വിദ്യാഭ്യാസ
നഭോമണ്ഡലത്തിൽ മോഡൽ സ്കൂളിനെ
എന്നും വേറിട്ട ഒരു കലാക്ഷേത്രമാക്കി
മാറ്റുന്നു.






PRAMOD K.V.
Principal

FREEDAMARY J.M
HM



5മാതൃകം

# LITTLE KITES MISTRESSES



SHERIN T. R. SULAJA T. R

# Teaching Staff



# H.S SECTION



# സുഗന്ധ വിളകളുടെ രാജാവ്

ചരിത്രത്തിൽ നിന്നുതന്നെ തുടങ്ങാം. 1498 മെയ് ഇരുപതാം തീയതി വാസ്കോഡ ഗാമ ആദ്യമായി കച്ചവട വ്യാപാരത്തിനായി കാപ്പാട് [കോഴിക്കോട് ]കടപ്പുറത്തുനിന്നു തുടങ്ങുന്നതോടെ യൂറോപ്യൻ അധിനിവേശത്തിന്റെ വാതിൽ തുറക്കുകയായി .അക്കാലത്തെ മലബാർ നാട്ടുപ്രമാണിമാരായ സാമൂതിരി രാജാവിനെ പ്രീതിപ്പെടുത്തി സുഗന്ധ വിളകൾ കൈക്കലാക്കുക എന്നതായിരുന്നു അവരുടെ പ്രധാന ലക്ഷ്യം . ഇതിനുപകരമായി രാജാവ് ആവശ്യപ്പെട്ടത് ചുവന്ന പട്ടും,സ്വർണാഭരങ്ങൾ ആയിരുന്നു.അന്നത്തെ കാലത്ത് ഈ വിളകൾക്ക് പൊന്നിന്റെ മൂല്യമുണ്ടായിരുന്നു .ഇവരുടെ ഭീഷണിയായ മുന്നേറ്റത്തെ പ്രതിരോധിക്കാൻ സാമൂതിരിക്ക് പ്രധാനമായ പടത്തലവന്മാർ ഉണ്ടായിരുന്നു.അവരെയാണ് കുഞ്ഞാലി മരയ്ക്കാർ എന്ന് വിശേഷിപ്പിക്കുന്നത് . അന്നത്തെ പ്രധാന സുഗന്ധ ദ്രവ്യങ്ങൾ കുരുമുളക് , കറുകപ്പട്ട ,മഞ്ഞൾ,ഗ്രാമ്പു എന്നിവയായിരുന്നു .അന്ന് പ്രധാനമായും കുരുമുളക് കണ്ടുവരുന്നത് മധ്യ കേരളത്തിലായിരുന്നു . കാലാവസ്ഥയ്ക്ക് അനുയോജ്യമായാണ് ഇത് വളരുന്നത് .വള്ളിച്ചെടി ഇനത്തിലാണ്ഇതുൾപ്പെടുന്നത്.രുചിക്കും ,സുഗന്ധത്തിനുമാണ് ഇത് പൊതുവെ ഉപയോഗിക്കുന്നത് .വിദേശികൾ കൂടുതലും മാംസാഹാരമാണ് ഇഷ്ടപ്പെടുന്നത് , ഇത് നശിച്ചുപോകാതിരിക്കുവാനും ,കൂടുതൽ നാൾ നിലനിൽക്കുവാൻ വേണ്ടിയാണ് കുരുമുളക് ഉപയോഗിക്കുന്നത് . ഔഷധത്തിനായി കുരുമുളക് പ്രധാനമായും ഉപയോഗിച്ചുവരുന്നുണ്ട് . അന്നത്തെ കാലത്ത് (1678) ഡച്ച് ഗവർണ്ണർ വാൻ റീഡ് ഔഷധ സസസ്യങ്ങളെക്കുറിച്ച് ഇട്ടി അച്യുതൻ വൈദ്യരുടെ സഹായത്താൽ പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് 'ഹോർത്തൂസ് മലബാറിക്കസ് '.വളരെയധികം വിലയുള്ളതും ,ഔഷധഗുണമുള്ളതും നടുന്നതിൽ ചിലവ് കുറഞ്ഞതുമായ ഈ ചെടി നമ്മുടെ ഓരോരുത്തരുടെയുംഅടുക്കള മുറ്റത്ത് നട്ടുവളർത്തുവാൻ "നമുക്ക് പരിശ്രമിക്കാം "

# Sports

A colorful collection of moments that will make you smile





# മൊബൈലിൽ ഒതുങ്ങിപോകുന്ന ബാല്യം

ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായതും എന്നാൽ തിരിച്ചുകിട്ടാനാവാത്തതുമായ അവസ്ഥയാണ് ബാല്യം. കൂട്ടുകൂടി കളികളും വിനോദങ്ങളിലും ഏർപ്പെട്ട് സന്തോഷത്തോടെ ചെലവഴിക്കേണ്ട ബാല്യം ഇന്നെവിടെയാണ് പൂമ്പാറ്റകളെപിടിക്കാൻ അവയുടെ പുറകെ ഓടിനടന്ന , അപ്പൂപ്പൻ താടി പറത്തിനടന്ന , കുന്നിക്കുരുവും മഞ്ചാടിക്കുരുവും ശേഖരിച്ചു വയ്ക്കാൻ മത്സരിച്ച കുട്ടിക്കാലം ഇന്ന് കാണാനുണ്ടോ ? കുറച്ച് കാലം മുൻപ് വരെ ടെലിവിഷനിലേക്ക് കാർട്ടൂൺ കഥാപാത്രങ്ങളെ സ്നേഹിച്ചിരുന്ന കുട്ടികൾ ഇപ്പോൾ മൊബൈൽ ഫോണുകളുടെ മായാലോകത്താണ് ഊണും ഉറക്കവുമില്ലാതെ മൊബൈൽ ഫോണിൽ ചിലവഴിക്കാൻ അവർക്ക് ഒരു മടിയുമില്ല. ലോക്ഡൗൺ കൂടി വന്നതോടെ മൊബൈൽ ഫോണുകൾ പൂർണമായും കുട്ടികളുടെ കൈകളിലായി. പുറത്തിറങ്ങി കളിക്കാനും കൂട്ടുകൂടാനും അവസരം ഇല്ലാതായതോടെ ആദ്യമൊക്കെ മാതാപിതാക്കൾ തന്നെ മൊബൈൽ ഫോൺ നൽകാൻ തുടങ്ങി. പക്ഷേ അത് പിന്നീട് പല കുട്ടികളിലും നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് മാറി. എന്നാൽ ഓൺലൈൻ ക്ലാസുകൾ മൊബൈൽ ഫോണിൽ കൂടെ ആയതോടെ മൊബൈൽ ഫോൺ കൊടുക്കാതിരിക്കാനും പറ്റാത്ത അവസ്ഥയായി. മൊബൈൽ ഗെയിമുകളെ സ്നേഹിച്ച് തുടങ്ങിയ കുട്ടി പിന്നീട് അതിന് അടിമയായി മാറുന്നു അത് അവനെ മാനസിക സമ്മർദ്ദത്തിലേക്കും പഠിത്തത്തിലും കളികളിലും ഉത്സാഹമില്ലാത്തവനും ആക്കി മാറ്റുന്നു.



മറ്റൊന്നിലും ശ്രദ്ധിക്കാനാവാതെ മൊബൈലിന്റെയും ഗെയിമുകളുടെയും മായാ ലോകത്ത് കുടുങ്ങിക്കിടക്കുന്നു. ഇതുവരെ ആത്മഹത്യ മാനസിക വിഭ്രാന്തിയിലേക്ക് നയിക്കുന്നു. മൊബൈൽ ഫോണുകൾക്ക് അടിമയായ ധാരാളം കുട്ടികളെ കുറിച്ച് കേട്ടിട്ടുണ്ട് എനിക്ക് നേരിട്ട് അറിയാവുന്ന അനുഭവങ്ങളും ഉണ്ട്. എന്റെ ബന്ധുവായ ഒരു ചേട്ടൻ പ്ലസ്ടുവിൽ പഠിക്കുന്ന സമയത്ത് മൊബൈൽ ഫോൺ കളിച്ചു അടിമയായി പഠിക്കാൻ കഴിയാത്ത അവസ്ഥയിലായി. പിന്നീട് പഠിത്തം ഉപേക്ഷിച്ച് സൂപ്പർമാർക്കറ്റുകളിലും കടകളിലും ഒക്കെ ജോലിക്ക് പോകാൻ തുടങ്ങി, എന്നാൽ ഇപ്പോൾ അതെല്ലാം ഉപേക്ഷിച്ച് വീട്ടിൽ തന്നെ മുറിയടിച്ചിരുന്ന് മൊബൈലിൽ തന്നെയാണ്. എന്താണ് ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം.ഒന്നാമതായി മറ്റു വസ്തുക്കൾ പോലെയുള്ള ഒരു സാധനം മാത്രമാണ് മൊബൈൽ ഫോൺ എന്നും അത്യാവശ്യത്തിന് മാത്രം ഉപയോഗിക്കേണ്ടതാണെന്നും കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തണം. മാതാപിതാക്കളും കുഞ്ഞുങ്ങളോടൊപ്പം കളികളിൽ ഏർപ്പെടണം. മാതാപിതാക്കൾ അനാവശ്യമായി മൊബൈൽ ഫോൺ ഉപയോഗിക്കരുത്. എന്നാൽ കുട്ടികൾക്ക് മാതൃകയായി ഒഴിവുസമയം കുഞ്ഞുങ്ങളോടൊപ്പം ചിലവഴിക്കുകയും മനസ്സ് തുറന്ന് അവരോട് സംസാരിക്കുകയും വേണം. കുഞ്ഞുങ്ങൾക്ക് വായിക്കാൻ പുസ്തകങ്ങൾ നൽകുന്നതും ചിത്രം വരയ്ക്കാനും പാട്ടുപാടാനും നൃത്തം ചെയ്യുവാനും അവരെ പ്രോത്സാഹിപ്പിക്കുന്നതും നല്ലതാണ്. അവർക്ക് ഇഷ്ടമുള്ള എന്തെങ്കിലും ഒരു കലാരൂപമോ കായിക വിനോദമോ പഠിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതും നല്ലതാണ്.



# ഐ. റ്റി. ക്വിസ്സ്



1. കേരളത്തിലെ ആദ്യത്തെ ഇ-സാക്ഷരത പഞ്ചായത്ത്

പള്ളിച്ചൽ

2. Yahoo വിന്റെ പൂർണ്ണരൂപം!

    Yet Another Hierarchical Officious Oracle

3. കേരളത്തിലെ ഐടി നയം നിലവിൽ വന്ന വർഷം

    2001 ഡിസംബർ




4. ഇന്റർനെറ്റിന്റെ പിതാവ് ?

    വിന്റൺ സർഫ്

5. ജാവാ എന്ന കമ്പ്യൂട്ടർ ഭാഷയുടെ പഴയപേര് എന്ത്?

    ഓക്ക്

6. ബ്ലൂടൂത്തിന്റെ പ്രക്ഷേപണ പരിധി എത്ര?

    10 മീറ്റർ

7. ലോകത്തിൽ ആദ്യമായി സ്ഥാപിതമായ കമ്പ്യൂട്ടർ കമ്പനി ഏത് ?

    IBM

8. www എന്ന ആശയം ആവിഷ്കരിച്ചതാര്?

    ടിംബർണേഴ്സ്ലി

# സ്വപ്നം

രാത്രിയിൽ പൂമാല കോർത്ത് നിൽക്കുന്ന പൂങ്കുയിലുകൾ.
രാത്രിയിൽ കൊഴിഞ്ഞു വീഴുന്ന പൂമൊട്ടുകൾ.
അന്ന് ഞാൻ കണ്ടു ആ നിലാവ്, വെള്ളത്തിൽ
പതിച്ചിരിക്കുന്നു.......

അപ്പോൾ പുഴയിൽ നിന്നും അതാ
വളരുന്നൊരു താമരമൊട്ട്........
അതാ ആ മൊട്ട് വിടരുന്നു.
അതിൽ നിന്ന് വരുന്നൊരുപ്രകാശം.
അതിനകത്ത് നിന്നും സ്വർണ്ണ മുത്തുകൾ ഉയർന്നുവരുന്നു.
ദാ ആകാശത്തേക്ക് പറക്കുന്ന മിന്നാമിന്നികൾ.
അതാ നക്ഷത്രങ്ങൾ മിന്നി നിൽക്കുന്നു.
അതിനൊരു നക്ഷത്രത്തിന് സ്വർണ്ണ നിറം.
നിറത്തിൽ എന്തൊരു തിളക്കം.
അതാ ഒരു തോണി സ്വർണ്ണ നിറത്തിൽ. മിന്നിത്തിളങ്ങുന്ന
തോണി.
ആ രാത്രിയിൽ പെയ്യുന്ന മഴ സ്വർണ്ണത്തുള്ളിയായി.
ആ വെള്ളത്തിൽ നിന്നൊരു. സ്വർണ്ണ മരം.
ആകാശ മുട്ടെ വളരുന്നു.



ൃ

# ARTS





# സ്റ്റേറ്റ് ക്യാമ്പ് അനുഭവം

കമ്പ്യൂട്ടറുകളുടെ ഉപയോഗത്തിന്റെ മറ്റൊരു തലത്തിലേക്ക് കുട്ടികളായ നമ്മെ എത്തിക്കുന്ന ഒരു സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്. ഫ്രീ-ഓപ്പൺ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് നമ്മളെപ്പോലുള്ള കുട്ടികൾക്കും അനിമേഷൻ വീഡിയോകളും പ്രോഗ്രാം ഉപയോഗിച്ച് ഗെയിമുകളും റോബോട്ടുകളും നിർമ്മിക്കാൻ സാധിക്കും എന്ന് ലിറ്റിൽ കിറ്റ്സിലൂടെ നമുക്ക് പഠിക്കാൻ സാധിച്ചു.2022-23 വർഷത്തിലെ ലിറ്റിൽ കൈസിന്റെ സ്റ്റേറ്റ് ക്യാമ്പിൽ പങ്കെടുക്കുവാൻ എനിക്ക് സാധിച്ചു. സ്റ്റേറ്റ് ക്യാമ്പിൽ പങ്കെടുത്ത എല്ലാവർക്കും വളരെ നല്ലൊരു അനുഭവമാണ് അതിലൂടെ ലഭിച്ചത്. ഒരുപാട് പുതിയ കാര്യങ്ങൾ അറിയുവാനും അതിനെപ്പറ്റി പഠിക്കുവാനും സാധിച്ചു.എറണാകുളം കളമശ്ശേരിയിലുള്ള കേരള സ്റ്റാർട്ടപ്പ് മിഷനിൽ വച്ച് 2023 മെയ് 15,16 ദിവസങ്ങളിൽ ആണ് ലിറ്റിൽ കൈറ്റ്സ് സ്റ്റേറ്റ് ക്യാമ്പ് നടന്നത്. ഇനോഗ്രേഷനും എക്സിബിഷനും ശേഷം ഞങ്ങൾക്ക് സ്റ്റാർട്ട്പ്പ് മിഷനിലെ സ്റ്റാർട്ടപ്പ് വില്ലേജുകളും സ്റ്റാർട്ടപ്പ് കംപനികളും കാണുവാനും അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും പുതിയ അറിവുകൾ നേടുവാനും സാധിച്ചു. അതിൽ ഞങ്ങളെ ഏറ്റവുമധികം അതിശയപ്പെടുത്തിയത് 3D മോഡലിംഗ് ആണ്. 3D മോഡലിംഗ് എങ്ങനെയാണ് ചെയ്യുന്നത് എന്നും അതിന് ഉപയോഗിക്കുന്ന വിവിധ തരം മെഷീനുകളെ പറ്റിയും മനസ്സിലായി.അതിനുശേഷം AR നെയും VR നെയും പറ്റിയുള്ള എക്സ്പെർട്ട് ക്ലാസ് ആയിരുന്നു. AR ന്റെയും VR ന്റെയും പ്രവർത്തന രീതികളെ പറ്റിയും ആവശ്യകതയെ പറ്റിയും അതിന്റെ സാങ്കേതികതയെ പറ്റിയും നമുക്ക് വളരെ വ്യക്തമായ രീതിയിൽ ആ ക്ലാസിലൂടെ മനസ്സിലായി. AR നെയും VR നെയും പറ്റി ഞങ്ങൾക്കുണ്ടായിരുന്ന തെറ്റിദ്ധാരണകളും സംശയങ്ങളും മാറ്റുവാൻ ആ ക്ലാസ്സിലൂടെ ഞങ്ങൾക്ക് സാധിച്ചു.

അടുത്തതായി ഞങ്ങൾക്ക് AI യെ പറ്റിയുള്ള ക്ലാസ്സ് ആയിരുന്നു. ദൈനംദിന ജീവിതത്തിൽ AI യുടെ ആവശ്യകതയെ പറ്റി മനസ്സിലാക്കുവാൻ സാധിച്ചു. AI യുടെ സാങ്കേതികതയെ പറ്റിയും അത് എങ്ങനെയാണ് നിർമ്മിക്കുന്നത് എന്നും അതിനായി ഉള്ള എളുപ്പ വഴികളെ പറ്റിയും ഞങ്ങൾക്ക് പഠിക്കുവാൻ സാധിച്ചു.എനിക്ക് അനിമേഷനാണ് സ്റ്റേറ്റ് ക്യാമ്പിലേക്ക് സെലക്ഷൻ കിട്ടിയത്.അനിമേഷന് സെലക്ഷൻ കിട്ടിയ കുട്ടികൾക്ക് അനിമേഷന്റെ പ്രത്യേക ക്ലാസും പ്രോഗ്രാമിന് സെലക്ഷൻ കിട്ടിയ കുട്ടികൾക്ക് റോബോട്ടിക്സിന്റെ പ്രത്യേക ക്ലാസുമായിരുന്നു. ഞങ്ങൾക്ക് Krita സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുകയും. അത് എങ്ങനെയാണ് ഉപയോഗിക്കുന്നത് എന്ന് പഠിപ്പിക്കുകയും. അനിമേഷൻ മേഖലയിലുള്ള സാധ്യതകളെ പറ്റി മനസ്സിലാവുകയും ചെയ്തു.അതിനുശേഷം റോബോട്ടിക്സ് മേഖലയിലെ ഗവേഷകനും ഫെഡറേഷൻ ഓഫ് ഇന്റർനാഷണൽ റോബോട്ട്-സോക്കർ അസോസിയേഷൻ്റെ (FIRA) സ്ഥാപകനും സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിൽ അസോസിയേറ്റ് പ്രൊഫസറുമായ ശ്രീ. പ്രഹ്ലാദ് വടക്കേപൊട്ടുമായി ഓൺലൈൻ വഴി സംവദിക്കുകയും റോബോട്ടിക്സുമായി ബന്ധപ്പെട്ട് ഞങ്ങൾക്കുള്ള സംശയങ്ങൾ എല്ലാം മാറ്റി തരികയും റോബോട്ടിക്സിനെ പറ്റി പുതിയ കാര്യങ്ങൾ ഞങ്ങൾക്ക് പറഞ്ഞുതരികയും ചെയ്തു. ഇത്രയും പ്രഗൽഭനായ ഒരു വ്യക്തിയുമായി സംവദിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി ഞങ്ങൾ കരുതുന്നു.ഇത്രയും കാര്യങ്ങൾ ഞങ്ങൾക്ക് ഈ രണ്ടു ദിവസത്തെ സ്റ്റേറ്റ് ക്യാമ്പിലൂടെ മനസ്സിലാക്കുവാൻ സാധിച്ചു. ഞങ്ങൾക്ക് പ്രഗൽഭരായ വ്യക്തികളിൽ നിന്നും ഈ രണ്ടു ദിവസം കൊണ്ട് ഒട്ടനവധി അറിവുകൾ നേടുവാൻ സാധിച്ചു. ഞങ്ങളുടെ ജീവിതത്തിൽ മറക്കാൻ കഴിയാത്ത രണ്ട് ദിവസങ്ങൾ ആയിരുന്നു ഈ രണ്ട് ദിവസങ്ങൾ.

PAVIT A RAJEEV



# A happy child

**My house is red little house**

**A happy child am i**

**i laugh and play the whole day**

**I hardly ever cry**

**I have a tree ,a green ,a green tree**

**To shade me from the sun ;**

**And under it i often git ,**

**When all my play is done.**

# DID YOU KNOW?

## FACTS

## The Whale Sharks Has over 4000 Teeth

Whales are the largest known animals of earth.They typically measuring about 98 feet. Not all whales have teeth Only the toothed whale has in it's mouth several rows of tiny teeth that resemble a rasp .{ a kind of flat teeth with sharp projections to work on wood} .

# നിലാവിന്റെ തീരം

നിനാവിന്റെ നിലാവ്
ഈ നിലാവിന്റെ പ്രഭയിൽ
കുളിരുമെൻ നീരം
നിലാവിന്റെ ശാന്തതയിൽ
ചെറുതരി ശബ്ദവീചികളാൽ
ഭൂമിയെ ത്രസിപ്പിക്കുമെൻ
ലളിതമനോഹരിയാം തീരം
നിന്റെ നിലാപ്പൊയ്കയിൽ
നീലത്താമരയായ് വിടരും
ഈ ഭൂമി.

# DUG OUT

DUG OUT are the oldest boats. They are light weight boats with round ends. They were made of hollowed tree trunks. The earlier know Dugouts where also used buy the Dutch people. Dug outs where also used by the American's & Indians.



# Where Did Olympics Start

The first known Olympics were held in the summer of 776 BC at Olympia, a site in Southern Greece where people where went to worship there gods. in fact, the Olympics where created in honour of ancient Greece's most famous god. The Romans eventually banned the Olympics in AD 393, after Rome conquered Greece in the second century BC. But the games were revived in 1896 in Athens, Greece &have been celebrated every 4years since. And in 1924,the winter Olympics were-added to showcase chiller sports such as cross-county skiing, seed skating, and ice hockey. A fire was kept burning throughout the grand celebration of the ancient Olympics.

ഗവൺമെന്റ് മോഡൽ ബി. എച്ച്. എസ്. എസ്. തൈക്കാട്

# AIR CRAFT CARRIER

Aircraft carriers are large warships used as floating airbase. They are used for take-off and landing of military aircraft's. Aircraft carriers were used for the first time during World War1. The British ship HMS furious, was the first aircraft carrier. It was a cruise ship which was converted in to an air craft carrier. It's wooden deck was used as an airship for fighter planes.



# L i t t l e K i t e s

ഒരു ലക്ഷത്തിലധികം വിദ്യാർത്ഥി അംഗങ്ങളെ ഉൾക്കൊള്ളുന്ന കൈറ്റിന്റെ അതുല്യമായ സംരംഭമാണ് ലിറ്റിൽ കൈറ്റ്സിൻ്റ ഐടി ക്ലബ്ബുകൾ. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ നവോത്ഥാന മിഷന്റെ ഭാഗമായുള്ള ഹൈസ്കൂൾ കുട്ടിക്കൂട്ടം പരിപാടിയിൽ ആനിമേഷൻ, സൈബർ സുരക്ഷ,മലയാളം കംപ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ 5 മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്രപരിശീലനം നൽകി ഘടനാപരമായി നവീകരിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃക, അങ്ങനെ 'ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ' ആയി.

# എൻ കൃഷ്ണ പിള്ള

1916 സെപ്റ്റംബർ 22- ാംതീയതി വർക്കലയ്ക്ക് അടുത്തുള്ള ചെമ്മരുതിയിൽ ചെക്കാലവിളാകത്ത് വീട്ടിൽ ജനിച്ചു.1938 _ൽ എം എ ബിരുദം ലഭിച്ചു. തിരുവിതാംകൂർ സർവകലാശാലയിൽ (1940_41) കേരള സംസ്കാരത്തിലെ ആര്യാംശം എന്ന വിഷയത്തെ അധികരിച്ചു ഗവേഷണം നടത്തി. ശിവഗിരി മലയാളം ഹൈസ്കൂളിൽ അധ്യാപകൻ. തിരുവനന്തപുരം ഇൻറർ മീഡിയേറ്റ് കോളേജിൽ പ്രിൻസിപ്പൽ (1958_63) യൂണിവേഴ്സിറ്റി കോളേജിൽ മലയാളം പ്രൊഫസർ തുടങ്ങി പല മേഖലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഓടക്കുഴൽ അവാർഡ്, സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം, വയലാർ രാമവർമ്മ സാഹിത്യ അവാർഡ് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്. 1988 ജൂലൈ 10ന് അന്തരിച്ചു.



# Biology Lab



2024





# L I T T L E K I T E S









# Little kites











school camp

# LK Classes






Posters


Level 1
Controls
Welcome To

**30മാതൃകം**







31മാതൃകം





32മാതൃകം







Little Kites Magazine
2023-2024